**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണം - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(എം. എസ്) നം. 33/15 /തസ്വഭവ. തിരുവനന്തപുരം, തീയതി:- 18/2/15

==========================================================================

പരാമർശം:-
1. സ. ഉ (അ) നം. 18/2011/തസ്വഭവ നമ്പർ തീയതി 14-01-2011.
2. സ. ഉ (അ) നം. 100/2013/തസ്വഭവ നമ്പർ തീയതി 15-03-2013.
3. സ.ഉ(അ) നം.371/2013/തസ്വഭവ നമ്പർ തീയതി 2-12-2013
4. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 17/06/2014-ലെ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ട് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളും പരാമർശം (2)-ലെ ഉത്തരവ് പ്രകാരം, 2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു.

പരാമർശം (3) പ്രകാരം, നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് ഒരു സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും വസ്തു നികുതി സംബന്ധിച്ച് പ്രായോഗിക തലത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരാമർശം 4-പ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും കൂടാതെ മറ്റു പല നഗരസഭകളും സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1)-ലെ ചട്ടങ്ങളിൽ പരാമർശം (2)-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് 9-) ചട്ടത്തിന്റെ (4എ) (4സി) എന്നീ ഉപചട്ടങ്ങളിൽ നിർ ദ്ദേശിച്ചിട്ടുള്ള ഇരുപത്തി അഞ്ച് ശതമാനം വർദ്ധനവ് താഴെ വിവരിക്കുന്ന വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിനാൽ ചട്ടം 9(4എ), (4സി) അനുസരിച്ച് ഈ വിഭാഗം കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിർണ്ണയിക്കേണ്ട വിഷയത്തിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നല്കി ഉത്തരവാകുന്നു.

"പാർപ്പിടാവശ്യത്തിനുള്ളതോ വാണിജ്യാവശ്യത്തിനുള്ളതോ ആയതും വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിൽ നികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്ത ശേഷം എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ ഘടനാപരമായ മെച്ചപ്പെടുത്തലുകളോ ഉപയോഗക്രമത്തിൽ എന്തെങ്കിലും മാറ്റമോ വരുത്താത്തതുമായ, നിലവിലുള്ള കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യമായി നിർണ്ണയിക്കുന്ന വാർഷിക വസ്തു നികുതി, തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു

നികുതിക്ക തുല്യമോ അതിനേക്കാൾ കുറവോ ആണെങ്കിൽ, നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിക്ക് തുല്യമായ തുക തന്നെ പുതുക്കിയ വാർഷിക വസ്തു നികുതിയായി നിർണ്ണയിച്ചാൽ മതിയാകും" എന്ന് ഇതിനാൽ ഉത്തരവാകുന്നു. ഇത്തരം കേസുകളിൽ ചട്ടം 9(4എ), 4(സി) എന്നിവ അനുസരിച്ചുള്ള കുറഞ്ഞ ഇരുപത്തഞ്ചു ശതമാനം വർദ്ധനവ് ബാധകമാക്കേണ്ടതുമില്ല. ഇതനുസരിച്ച് ചട്ടങ്ങൾക്കാവശ്യമായ ഭേദഗതി ചട്ടങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**(എ.പി.എം.മുഹമ്മദ് ഹനീഷ്)**
ഗവ.സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
2. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
3. എല്ലാ റീജയണർ ജോയിന്റ് ഡയറക്ടർമാർക്കും.
4. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ബേഷ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടർ, KILA,
6. ഡയറക്ടർ, വിവര- പൊതുജന സമ്പർക്ക വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Vajeena

സെക്ഷൻ ഓഫീസർ